# Malayala Manorama

# 14 August 2018

# Thiruvananthapuram: Flood relief, Relief Fund given, Rain continues

**മനോരമ ലേഖകൻ**

തിരുവനന്തപുരം ● രണ്ടുദിവസമായി ശക്തികുറഞ്ഞ മഴ ഇന്നു മുതൽ വീണ്ടും തീവ്രമാകുമെന്ന കാലാവസ്ഥാ മുന്നറിയിപ്പിനെത്തുടർന്നു കേരളം വീണ്ടും അതീവജാഗ്രതയിൽ. ഒഡീഷ തീരത്തെ ന്യൂനമർദം ശക്തി പ്രാപിക്കുന്നതിനാൽ കേരളത്തിൽ പടിഞ്ഞാറൻ കാറ്റിന്റെ വേഗം വർധിക്കാനും ഇന്നും നാളെയും കനത്ത മഴ പെയ്യാനും സാധ്യതയുണ്ടെന്നാണു മുന്നറിയിപ്പ്. 15നും കനത്ത മഴ പെയ്തേക്കും. മണിക്കൂറിൽ 60 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റു വീശാനും കടൽ പ്രക്ഷുബ്ധമാകാനും സാധ്യതയുള്ളതിനാൽ മൽസ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും നിർദേശമുണ്ട്. ഉരുൾ പൊട്ടാനും ജലാശയങ്ങളിൽ വെള്ളമുയരാനും സാധ്യതയുണ്ടെന്നും മുന്നറിയിപ്പുണ്ട്.

● ഇടുക്കിയിൽ ജലനിരപ്പ് താഴുന്നു; ഒഴുക്കിവിടുന്ന ജലത്തിന്റെ അളവുസംബന്ധിച്ച് തീരുമാനം ഇന്ന്

● ബാണാസുര സാഗർ അണക്കെട്ടിന്റെ ഷട്ടറുകൾ കൂടുതൽ തുറക്കേണ്ടിവരുമെന്നു മുന്നറിയിപ്പ്

● നീരൊഴുക്ക് വർധിച്ചതോടെ ഇടമലയാറിൽ അഞ്ചു ഷട്ടറുകൾ ഉയർത്തി.

● മഴക്കാലം തുടങ്ങിയ ജൂൺ മുതൽ മരിച്ചവർ 191; രണ്ടരമാസത്തിനകം ഇത്രയേറെ മരണം അസാധാരണം

● ഇരുപതിനായിരത്തോളം വീടുകളും പതിനായിരത്തോളം കിലോമീറ്റർ റോഡും തകർന്നു.

സുഷമ സ്വരാജ്. അതതു പാസ്പോർട്ട് ഓഫിസുകളുമായി ബന്ധപ്പെട്ടാൽ മതിയെന്നും സുഷമ സ്വരാജ് ട്വീറ്റ് ചെയ്തു.

---

**നേർക്കാഴ്ച**

കാൽനൂറ്റാണ്ടിനിടെ കടലെടുത്തത് കേരളതീരത്തിന്റെ പകുതിയോളം

---

ഓണാഘോഷത്തിന് ആർഭാടം കുറയ്ക്കും; തീരുമാനം നാളെ